# ന്യൂനപക്ഷ സമ്മർദ്ദ രാഷ്ട്രീയം

ഡോ. കെ. ജയപ്രസാദ്

പ്രസിദ്ധീകരണം : ഹിന്ദുഐക്യവേദി - കേരളം

2012 മെയ്

digitized by www.haindavam.org

# ന്യൂനപക്ഷസമ്മർദ്ദ രാഷ്ട്രീയം മലപ്പുറം ജില്ലാ രൂപീകരണം മുതൽ അഞ്ചാംമന്ത്രിവരെ

**ഡോ. കെ. ജയപ്രസാദ്**

കേരള രാഷ്ട്രീയം പുതിയൊരു വഴിത്തിരിവിലാണ്. അനാരോഗ്യകരമായ വർഗ്ഗീയ ധ്രുവീകരണമാണ് 2011-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പ്രകടമായത്. എല്ലാ സീമകളെയും ലംഘിക്കുന്നതരത്തിൽ ന്യൂനപക്ഷ സമ്മർദ്ദരാഷ്ട്രീയം പ്രബലമായിരിക്കുന്നു. ഇരുമുന്നണികളുടെയും സ്ഥാനാർത്ഥികളെയും മുൻഗണനകളെയും, നയപരിപാടികളെയും നിശ്ചയിക്കുന്നത് സംഘടിത മതശക്തികളായിരിക്കുന്നു. ഹിന്ദുസമുദായ സംഘടനകളും, നേതാക്കളും അവഗണിക്കപ്പെടുമ്പോൾ അരമനകളുടെ മുന്നിൽ ഇടതു-വലതു വ്യത്യാസം കൂടാതെ നേതാക്കൾ കാത്തുനിൽക്കുന്ന അവസ്ഥയുണ്ടായിരിക്കുന്നു. സംഘടിത ന്യൂനപക്ഷ മതനേതൃത്വം രാഷ്ട്രീയ അജണ്ട രൂപപ്പെടുത്തുന്നതും, ജനപ്രതിനിധികളെ കണ്ടെത്തുന്നും, മന്ത്രിമാരുടെ പേരുകൾ നിർദ്ദേശിക്കുന്നതുമായ സാഹചര്യം ഇന്നത്തെപോലെ മുമ്പ് ഉണ്ടായിട്ടില്ല. കേരളം ന്യൂനപക്ഷ സമ്മർദ്ദ രാഷ്ട്രീയത്തിന്റെ



digitized by www.haindavam.org

കളിയരങ്ങാണെങ്കിലും, ഇത്ര പരസ്യമായി മതനേതാക്കൾ രാഷ്ട്രീയ മണ്ഡലത്തിൽ ഇടപെട്ടിരുന്നില്ല. മാർക്സിസ്റ്റ്-കോൺഗ്രസ് മുന്ന ണിനേതൃത്വത്തിന്റെ വഴിവിട്ട പ്രീണനനയങ്ങളാണ് കേരള രാഷ്ട്രീ യത്തെ ഈ തരത്തിൽ ദുഷിപ്പിച്ചത്. ഭൂരിപക്ഷസമൂഹം അസംഘ ടിതരാണെന്ന ധാരണയാണ് സംഘടിതമതനേതൃത്വത്തെ ധാർഷ്ട്യ ത്തിലേക്ക് നയിക്കുന്നത്. അധികാരം കയ്യടക്കാനുള്ള വെമ്പലിൽ ഇടതു-വലതു മുന്നണിനേതൃത്വം നടത്തുന്ന വർഗ്ഗീയ പ്രീണന നയ ങ്ങളെ ചെറുത്തുതോല്പിക്കാൻ അണികൾ സ്വയം തയ്യാറാവേണ്ട അവസ്ഥ വന്നുചേർന്നിരിക്കുന്നു. ഹിന്ദുസമൂഹത്തെ വിഭജിച്ച് സാമൂ ഹികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും തളർത്തി കേരളത്തെ സംഘടിത മതശക്തികൾക്ക് കീഴടക്കാനുള്ള ശ്രമത്തെ പരാജയപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

2011-ലെ നിയമസഭാ തിരഞ്ഞെടുപ്പ് കേരള രാഷ്ട്രീയത്തിന്റെ ഗതിയെ മാറ്റിമറിച്ചിരിക്കുന്നു. മത-സാമുദായിക സന്തുലിതാവസ്ഥ തകർത്ത് മതേതരത്വത്തെ വെല്ലുവിളിച്ച് ഒരു ഭരണകൂടം കേരളത്തിൽ നിലവിൽവന്നിരിക്കുന്നു. മന്ത്രിമാരെ തെരഞ്ഞെടുത്തതിൽ വ്യക്തി പരമായ കഴിവും, ഭരണനൈപുണ്യവുമല്ല മറിച്ച് അവരുടെ മത-ജാ തിപരിഗണന മാത്രമായി അധഃപതിച്ചു. കഴിഞ്ഞ നിയമസഭാ തിര ഞ്ഞെടുപ്പുവേളയിൽ തന്നെ മതനേതാക്കളുടെ അമിതമായ ഇടപെ ടൽ പ്രകടമായിരുന്നു. ന്യൂനപക്ഷ മതധ്രുവീകരണത്തിലൂടെ വല തുമുന്നണിയിലും, ഇടതുമുന്നണിയിലും സംഘടിത മതവിഭാഗ ങ്ങൾക്ക് മേൽകോയ്മ ലഭിച്ചു. മുന്നണിഭേദമില്ലാതെ ചില സമുദാ യാംഗങ്ങൾ ജയിച്ചുവരാൻ ശക്തമായ ശ്രമങ്ങൾ നടന്നു. അതിന്റെ ഫലമായി യു.ഡി.എഫിലെ 72 എം.എൽ.എമാരിൽ 49 പേരും ന്യൂന പക്ഷ മതപ്രതിനിധികളായി. യു.ഡി.എഫിലെ ഭൂരിപക്ഷസമുദായാം ഗങ്ങളെ തോല്പിക്കാനും സംഘടിത ശ്രമമുണ്ടായി. ഉദാഹരണത്തിന്



digitized by www.haindavam.org

സംസ്ഥാന ജനസംഖ്യയിൽ 24 ശതമാനം വരുന്ന ഈഴവ സമുദായത്തിൽനിന്ന് കേവലം മൂന്ന് അംഗങ്ങൾമാത്രമാണ് യു.ഡി.എഫിൽ വിജയിച്ചത്. മറ്റു ഹിന്ദുവിഭാഗങ്ങളും അവഗണിക്കപ്പെട്ടു. യു.ഡി.എഫ് എന്നാൽ മുസ്ലിം-ക്രിസ്ത്യൻ കൂട്ടായ്മ എന്ന അവസ്ഥ ബോധപൂർവ്വം സൃഷ്ടിച്ചെടുത്തതാണ്. മറ്റൊരു പ്രത്യേകത യു.ഡി.എഫിലെ ന്യൂനപക്ഷ പിന്തുണയില്ലാത്ത ഘടകകക്ഷികൾ ദുർബലമായി എന്നതാണ്. ജെ.എസ്.എസ്, സി.എം.പി തുടങ്ങിയ പാർട്ടികൾക്ക് നിയമസഭയിൽ പ്രാതിനിധ്യവും ഉണ്ടായില്ല. ഈ പശ്ചാത്തലത്തിലാണ് മുസ്ലിം ലീഗ് അതിന്റെ പത്തിവിടർത്തി സുപ്രധാന വകുപ്പുകൾ കയ്യടക്കുകയും അഞ്ചാം മന്ത്രിയ്ക്കുവേണ്ടി ഭീഷണി മുഴക്കി, ഭൂരിപക്ഷ സമൂഹത്തെ നോക്കുകുത്തിയാക്കി ലക്ഷ്യം നേടിയത്.

ഒരു രാഷ്ട്രീയ മുന്നണി എന്ന തലത്തിൽ യു.ഡി.എഫ് ഏറെ ദുർബ്ബലമായി എങ്കിലും, ശക്തമായ വർഗ്ഗീയ മുന്നണി എന്ന തലത്തിൽ അത് മുന്നിലുണ്ട്. രാഷ്ട്രീയ നേതൃത്വത്തെക്കാൾ യു.ഡി.എഫിനെ നിയന്ത്രിക്കുന്നത് അരമനകളും, ലീഗ് ഹൗസുമാണെന്നതിൽ സംശയമില്ല. എൻ.എസ്.എസ്, എസ്.എൻ.ഡി.പി തുടങ്ങിയ പ്രബല സമുദായ സംഘടനകളെ പരസ്യമായ അപമാനിച്ചുകൊണ്ടാണ് ലീഗ് രാഷ്ട്രീയത്തിന് കീഴടങ്ങി യുഡി.എഫ് നിലകൊള്ളുന്നത്. അഞ്ചാം മന്ത്രി പ്രശ്നവുമായി ബന്ധപ്പെട്ട് മുസ്ലിം ലീഗ് ഉൾപ്പെടെയുള്ള വർഗ്ഗീയ സംഘടനകൾ ഹിന്ദു സമുദായ സംഘടനാ നേതാക്കളെ പരസ്യമായി അവഹേളിക്കുന്ന അവസ്ഥയുമുണ്ടായി. എൻ.എസ്.എസ് ആസ്ഥാനത്തേയ്ക്ക് അവർ പ്രതിഷേധ മാർച്ചും നടത്തി.

സാമുദായിക സന്തുലനത്തെ അട്ടിമറിച്ചുകൊണ്ടുള്ള ഒരു ഭരണകൂടമാണ് ശ്രീ ഉമ്മൻചാണ്ടി ഇന്ന് നയിക്കുന്നത്. സംഘടിത മുസ്ലിം വർഗീയ ശക്തിക്കു മുന്നിൽ തലകുനിച്ചു നിൽക്കുന്ന മുഖ്യമന്ത്രിയ്ക്ക് സ്വന്തം പാർട്ടിയുടെ പിന്തുണ പോലും നേടാൻ കഴിയാത്ത സാഹ



digitized by www.haindavam.org

ചര്യം ഉണ്ടായി. മന്ത്രിസഭയിൽ ഭൂരിപക്ഷത്തെക്കാൾ ന്യൂനപക്ഷം എന്നത് കേരളത്തിൽ ഇതാദ്യമാണ്. ആകെ 21 മന്ത്രിമാരിൽ മുഖ്യ മന്ത്രി ഉൾപ്പെടെ പ്രമുഖ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന പന്ത്രണ്ടു പേർ ന്യൂനപക്ഷ സമൂഹത്തിൽനിന്നാണ്. കൂടാതെ ക്യാബിനറ്റ് റാങ്കി ലുള്ള ചീഫ് വിപ്പും, ഡെപ്യൂട്ടി സ്പീക്കറും ഒപ്പം യു.ഡി.എഫ് കൺവീ നറും ന്യൂനപക്ഷ സമുദായത്തിൽനിന്നാണ്. താരതമ്യേന അപ്രസ ക്തമായ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ഒൻപത് പേർ ഭൂരിപക്ഷ സമുദായത്തെ പ്രതിനിധീകരിക്കുന്നു. അഞ്ചാം മന്ത്രി പ്രശ്നത്തിൽ ഉണ്ടായ അസന്തുലിതത്വം ഒഴിവാക്കാൻ നടത്തിയ വകുപ്പുമാറ്റം ഭൂരി പക്ഷ വിഭാഗങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ചെപ്പടിവിദ്യയാ ണെന്നതിൽ സംശയമില്ല. കേരള രാഷ്ട്രീയ ചരിത്രത്തിൽ ഒരു മുഖ്യ മന്ത്രി ഇത്രയും നിസ്സഹായനാകുന്ന സാഹചര്യം മുൻപൊരിക്കലും ഉണ്ടായിട്ടുമില്ല.

മുസ്ലീംലീഗിന് അഞ്ച് മന്ത്രിമാർ എന്നതല്ല പ്രശ്നം. അഞ്ചാം മന്ത്രിയ്ക്കുവേണ്ടി ലീഗ് നേതൃത്വം കാണിച്ച ധാർഷ്ട്യമാണ് ചർച്ച ചെയ്യേണ്ടത്. കേരളത്തിന്റെ പൊതുമനസാക്ഷിയെ ചോദ്യം ചെയ്യുന്ന തരത്തിലാണ് ലീഗിന്റെ അണികൾ പെരുമാറിയത്. കേരളത്തിലെ ഭൂരിപക്ഷ സമൂഹം രാഷ്ട്രീയമായി ഏറെ ദുർബലമാണെന്ന ധാര ണയിലാണ് മുസ്ലീംലീഗ് പെരുമാറിയത്. ഏത് അപമാനവും ഹിന്ദു ക്കൾ സഹിക്കും എന്ന അവസ്ഥ വന്നത് അവർ ഒരു വോട്ട് ബാങ്ക് ആകാത്തതുകൊണ്ടാണ്. ഈ അവസ്ഥയാണ് മാറേണ്ടത്. മുന്നണി രാഷ്ട്രീയത്തിന്റെ തണലിൽ സംഘടിത ന്യൂനപക്ഷം അസംഘടിത ഭൂരിപക്ഷത്തെ ഭരിക്കുന്ന അവസ്ഥ കൂടുതൽ പഠനവിധേയമാക്കേ ണ്ടതുണ്ട്. ഭൂരിപക്ഷ സമൂഹത്തോടുകാണിക്കുന്ന വിവേചനത്തെ നേരിടാൻ കോൺഗ്രസ് മുന്നണിയ്ക്കും ഇടതുപക്ഷ മുന്നണിയ്ക്കും കഴിയില്ല എന്ന് തെളിയിച്ചിരിക്കയാണ്.



digitized by www.haindavam.org

# ന്യൂനപക്ഷസമ്മർദ്ദ രാഷ്ട്രീയവും മുന്നണി രാഷ്ട്രീയവും

കേരളത്തിൽ രാഷ്ട്രീയ മണ്ഡലം രൂപപ്പെടുമ്പോൾ തന്നെ സംഘടിത മതശക്തികളുടെ ഇടപെടലും കാണാവുന്നതാണ്. നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും സാമുദായിക പ്രസ്ഥാനങ്ങളിലൂടെയാണ് പൊതുമണ്ഡലം രൂപപ്പെടുന്നത്. മലബാറിലെ രാഷ്ട്രീയം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഉടലെടുത്തതായിരുന്നു. എങ്കിലും തുടക്കത്തിലെ വർഗ്ഗീയതയുടെ ശക്തികളും രംഗത്തുണ്ടായി. മാപ്പിള കലാപം അതിന്റെ വികൃതരൂപമായിരുന്നു. ഒരു പ്രദേശത്തുനിന്ന് തന്നെ ഹിന്ദുക്കൾ ആട്ടിയോടിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. അത് മലബാറിലെ ദേശീയ രാഷ്ട്രീയത്തിന് തിരിച്ചടിയായി. കോൺഗ്രസിനെ കൂടാതെ ഒരുഭാഗത്ത് മുസ്ലിം ലീഗും മറുഭാഗത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായാണ് മലബാറിലെ രാഷ്ട്രീയരംഗം വികാസം പ്രാപിക്കുന്നത്. തിരുവിതാംകൂറിൽ 1932 -ലെ നിവർത്തന സമരം ക്രിസ്തീയ സഭകളുടെ ഇടപെടൽ കൂടെക്കൊണ്ടായിരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്ന നാളിൽ മാപ്പിളസ്ഥാന്റെ വാദം ഉയർത്തിയവർ ഉൾപ്പെട്ട മുസ്ലീം ലീഗ് മലബാറിലും, കോൺഗ്ര



digitized by www.haindavam.org

സിലൂടെ ക്രിസ്തീയ സഭകൾ തിരുകൊച്ചി ഭാഗത്തും രാഷ്ട്രീയരംഗത്ത് സജീവമായി.

വർഗ്ഗീയശക്തികൾക്ക് തുടക്കത്തിലെ സ്വാധീനമുണ്ടായിരുന്നെങ്കിലും 1957-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്-കമ്മ്യൂണിസ്റ്റ് പോരാട്ടമാണ് പ്രധാനമായും കണ്ടത്. കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് ജനാധിപത്യമുഖം ഇല്ലായിരുന്നതിനാൽ വലിയൊരു വിഭാഗം ജനാധിപത്യപ്രേമികൾ കമ്മ്യൂണിസ്റ്റ് വിരുദ്ധ പക്ഷത്ത് നിലകൊണ്ടു. ഈ പശ്ചാത്തലത്തെ തന്ത്രപൂർവ്വം സംഘടിത മതശക്തികൾ ദുരുപയോഗം ചെയ്ത് കേരളത്തെ വിമോചനസമരത്തിന്റെ പാതയിൽ കൊണ്ടെത്തിച്ചു. തുടർന്ന് ഭരണം നേടാനുള്ള ശ്രമത്തിൽ കോൺഗ്രസ് പാർട്ടി തങ്ങളുടെ രാഷ്ട്രീയ ശൈലി പുനരാവിഷ്കരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. വർഗ്ഗീയ ശക്തികൾക്ക് രാഷ്ട്രീയത്തിൽ കൂടുതൽ വേദി ഒരുങ്ങുന്നത് അങ്ങനെയാണ്. 1960ൽ എല്ലാ വർഗ്ഗീയ ശക്തികളുടെയും പിന്തുണയോടെ കോൺഗ്രസ് അധികാരത്തിൽവന്നു. കോൺഗ്രസ് നേതൃത്വം മുസ്ലിംലീഗിന് സ്പീക്കർ സ്ഥാനം നൽകി കേരള രാഷ്ട്രീയത്തിൽ അവർക്ക് മാന്യത നൽകി. എന്നിരുന്നാലും മന്ത്രിസ്ഥാനം കൊടുക്കാൻ കോൺഗ്രസ് അന്നു തയ്യാറല്ലായിരുന്നു. 1964-ൽ ക്രിസ്ത്യൻ വർഗ്ഗീയതയ്ക്ക് പുതിയ രാഷ്ട്രീയ മുഖം നൽകാൻ കോൺഗ്രസ് പിളർന്ന് കേരള കോൺഗ്രസ് രൂപം കൊണ്ടു. അതേവർഷം തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയും പിളർന്ന് സി.പി.എം ജന്മം കൊണ്ടു.

1967-ലെ തിരഞ്ഞെടുപ്പിനു മുമ്പ് കേരള രാഷ്ട്രീയത്തിൽ വൻപിച്ച പരിണാമം ഉണ്ടായി. രാഷ്ട്രീയ മണ്ഡലം വിഷലിപ്തമാക്കി വർഗ്ഗീയ ശക്തികൾക്ക് മേൽകോയ്മയുള്ള മുന്നണി സംവിധാനം സി.പി.എമ്മിന്റെ നേതൃത്വത്തിൽ നിലവിൽവന്നു. ഇ.എം.എസ്



digitized by www.haindavam.org

നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിലാണ് ഭാരതത്തിലെ ആദ്യത്തെ ഔദ്യോഗിക രാഷ്ട്രീയ മുന്നണി ജന്മം കൊള്ളുന്നത്. ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും മുസ്ലീംലീഗ് ഉൾപ്പെടുന്നവർഗ്ഗീയ പാർട്ടികളും സംയുക്തമായി ഒരു മിനിമം പരിപാടിയിൽ ഒപ്പ് വച്ച് മന്ത്രിസ്ഥാനങ്ങൾ വീതം വച്ചു. ഇ.എം.എസ് ഭരണം നിലനിർത്താൻ സ്വീകരിച്ച തന്ത്രങ്ങൾ പിൽക്കാലത്ത് എല്ലാ മുന്നണികളുടെയും അടിസ്ഥാന പ്രമാണമായി. അംഗബലം നോക്കാതെ എല്ലാ ചെറിയ പാർട്ടികൾക്കും മുന്നണിയിൽ തുല്യ പങ്കാളിത്തം, മന്ത്രിസഭയിൽ എല്ലാ ഘടകകക്ഷികൾക്കും വലിപ്പം നോക്കാതെ പ്രാതിനിധ്യം, വർഗ്ഗീയ പ്രാദേശിക കക്ഷികൾക്ക് വിദ്യാഭ്യാസം ഉൾപ്പെടെ ജനകീയ വകുപ്പുകൾ, ദുർബ്ബലനായ മുഖ്യമന്ത്രി, ആദർശം ബലകഴിച്ചു എങ്ങനെയും ഭരണം നിലനിർത്തുക എന്ന മുഖ്യകക്ഷിയുടെ ഏക അജണ്ട, ഘടകകക്ഷികൾക്ക് പരസ്യമായി വിലപേശാനും, മുന്നണിയെ നയിക്കുന്ന പാർട്ടിയെ നിന്ത്രിക്കാനുമുള്ള സ്വാതന്ത്ര്യം, ഘടകകക്ഷികൾക്ക് അവർ ഭരിക്കുന്ന വകുപ്പിൽ പൂർണ്ണ സ്വാതന്ത്ര്യം തുടങ്ങിയവയൊക്കെ ഇ.എം.എസ് നമ്പൂതിരിപ്പാട് തുടക്കം കുറിച്ച "മുന്നണിമര്യാദ"കളായിരുന്നു .

മുസ്ലീം വർഗ്ഗീയത കേരള രാഷ്ട്രീയത്തിൽ ശക്തമായ സ്വാധീനം ഉറപ്പിക്കുന്നത് 1967-ലെ മുന്നണി സർക്കാരിലൂടെയാണ്. മാപ്പിള കലാപം കഴിഞ്ഞ് അഞ്ചു പതിറ്റാണ്ടിനിടയിൽ ആ പ്രദേശത്ത് മുസ്ലിം ഭൂരിപക്ഷ മലപ്പുറം ജില്ല എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ലീഗിന് കഴിഞ്ഞു. ഇതിന് മുമ്പുതന്നെ മാപ്പിള വർഗ്ഗീയ കലാപത്തെ കർഷക കലാപമായി വാഴ്ത്താൻ വേണ്ട ബൗദ്ധിക ഇടപെടലുകൾ ഇ.എം.എസ് നമ്പൂതിരിപ്പാടും, ചില ഇടതുചിന്തകന്മാരും നടത്തിയിരുന്നു. മുസ്ലിം കലാപകാരികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ലഭിച്ചു. ചുരുങ്ങിയകാലംകൊണ്ട് വിദ്യാഭ്യാസ വകുപ്പിനെ



digitized by www.haindavam.org

മുസ്ലീം രാഷ്ട്രീയത്തിന് അനുയോജ്യമാക്കാൻ വേണ്ട നടപടികളും ലീഗ് കൈക്കൊണ്ടു. അറബി പഠനത്തിന് വൻപിച്ച പ്രാധാന്യം ലഭിച്ചു. ഇതിനിടയിൽ മുന്നണി ബന്ധങ്ങൾ മാറി എങ്കിലും 1967 മുതൽ 1979 ഡിസംബർ വരെ മുസ്ലിം ലീഗ് വിദ്യാഭ്യാസ വകുപ്പ് തുടർച്ചയായി ഭരിച്ചു.

1967-ലെ ഇടതുമുന്നണി ആന്തരികവൈരുദ്ധ്യം കൊണ്ട് രണ്ട് വർഷത്തിനുള്ളിൽ സ്വയം തകർന്നു. പക്ഷെ കേരള രാഷ്ട്രീയത്തെ ഒരിക്കലും ശുദ്ധീകരിക്കാനാവാത്ത തരത്തിൽ മലിനമാക്കിയാണ് ഇ.എം.എസ് സർക്കാർ 1969-ൽ പുറത്തുപോകുന്നത്. ഇ.എം.എസ് ശാക്തീകരിച്ച വർഗ്ഗീയ ശക്തികൾ ഇന്ന് കേരളത്തെ അടക്കിവാഴുകയാണ്. മുസ്ലീം ലീഗിന്റെ സമ്മർദ്ദ രാഷ്ട്രീയത്തിനു മുന്നിൽ മുട്ടുമടക്കിയാണ് 1969-ൽ മുസ്ലിം ഭൂരിപക്ഷ മലപ്പുറം ജില്ല രൂപീകരിച്ചത്. ലീഗിന്റെ സമ്മർദ്ദത്തിന് വഴങ്ങി ധൃതിപിടിച്ച് ഒരു മുസ്ലിം ജില്ല രൂപീകരിച്ചത് തെറ്റായി എന്ന് ഇ.എം.എസ് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി ചരിത്രത്തിൽ രേഖപ്പെടുത്തുകയുണ്ടായി. മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരെ ദേശീയതലത്തിൽ ഉണ്ടായ വൻ പ്രതിഷേധവും, സമരങ്ങളും ഇ.എം.എസ് സർക്കാർ അവഗണിച്ചത് ലീഗിന്റെ ശക്തി കൊണ്ടായിരുന്നു. 1967 മുതലുള്ള കേരള രാഷ്ട്രീയം വരഗ്ഗീയ ശക്തികളുടെ വിളയാട്ടമാണ്. മതേതര നേതൃത്വം അധികാരം നിലനിർത്താൻ വർഗ്ഗീയകൂടാരങ്ങളിൽ അഭയം തേടുന്ന കാഴ്ചയാണ് പിൽക്കാലത്ത് കേരളം കാണുന്നത്. ഹിന്ദുസമുദായങ്ങളും, സംഘടനകളും കേരളരാഷ്ട്രീയത്തിന്റെ പുറംപോക്കിലേക്ക് തള്ളിവിടപ്പെട്ടു. ചെറുത്തുനിൽപ്പിന്റെ വഴികൾ ഇനിയെങ്കിലും ഭൂരിപക്ഷ സമൂഹം സ്വീകരിക്കുമോ എന്നതാണ് പ്രസക്തമായ ചോദ്യം.



digitized by www.haindavam.org

# വർഗ്ഗീയ പ്രീണന രാഷ്ട്രീയവും ജനസംഖ്യാപരമായ അസന്തുലനവും

ജനസംഖ്യാ നിയന്ത്രണത്തിൽ കേരളം മുൻപന്തിയിലായിരുന്നു. എന്നാൽ ഈ നിയന്ത്രണം പ്രധാനമായും ഹിന്ദുക്കളിൽ ഒതുങ്ങി. 1951-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 61.29 ശതമാനം ഹിന്ദുക്കളും, ക്രിസ്ത്യാനികൾ 20.8 ശതമാനവും മുസ്ലീങ്ങൾ 17.5 ശതമാനവുമായിരുന്നു. 2001-ൽ ഹിന്ദുക്കൾ 56.2 ശതമാനമായി. ക്രിസ്ത്യാനികൾ 19.1 ശതമാനവും, മുസ്ലീങ്ങൾ 24.7 ശതമാനവുമായി ഉയർന്നു. 2011-ലെ അനൗദ്യോഗിക കണക്കുപ്രകാരം മുസ്ലീങ്ങൾ 27 ശതമാനമായി ഉയർന്നിട്ടുണ്ട്. 1970-80കളിലെ ജനസംഖ്യാനിയന്ത്രണ പരിപാടികളുടെ ഭാഗമായി ഹിന്ദു ഭൂരിപക്ഷ മേഖലകളിൽ വളർച്ചാനിരക്ക് കുറഞ്ഞു. സംസ്ഥാനവളർച്ചാനിരക്കും, മലപ്പുറം ജില്ലയിലെ വളർച്ചാനിരക്കും തമ്മിൽ ഏറെ അന്തരം കാണാം. 1981-91ൽ സംസ്ഥാന വളർച്ച 14.32% ആയിരുന്നെങ്കിൽ മലപ്പുറത്ത് അത് 28.87% ആയിരുന്നു. 1991-2001-ൽ സംസ്ഥാനത്ത് വളർച്ച 9.42% ആയപ്പോൾ മലപ്പുറത്ത് 17.22 ശതമാനമായി. മുസ്ലീങ്ങൾ കൂടുതലുള്ള മലബാർ ജില്ലകളിലാണ് ഉയർന്ന വളർച്ചാനിരക്ക് കാണിക്കുന്നത്. അതിന്റെ ഫലമായി 2011-ൽ നിലവിൽവന്ന നിയമസഭാ നിയോജകമണ്ഡല



digitized by www.haindavam.org

പുനസംഘടനയിൽ തെക്കൻ ജില്ലകളിൽനിന്ന് ആറു സീറ്റുകൾ കുറഞ്ഞപ്പോൾ ഉത്തരകേരളത്തിൽ ആറുസീറ്റ് വർദ്ധിച്ചു. മലപ്പുറം ജില്ലയിൽ മാത്രം നാലു സീറ്റുകളാണ് വർദ്ധിച്ചത്. മലപ്പുറം ജില്ലയാണ് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനെ അധികാരത്തിൽ എത്തിച്ചത്. ജില്ലയിലെ 16 മണ്ഡലങ്ങളിൽ 14ഉം യു.ഡി.എഫ് നേടി. അതിൽ 12 മണ്ഡലങ്ങൾ ലീഗിനും, രണ്ടിടത്ത് കോൺഗ്രസുമാണ് വിജയിച്ചത്. ജില്ലയിലെ പതിനാല് എം.എൽ.എമാർ ഒരു സമുദായത്തിൽനിന്നാണ്. ഈ വോട്ട് ബാങ്കാണ് ലീഗിന്റെ കരുത്ത്. കേരളരാഷ്ട്രീയത്തിൽ വില്ലൻവേഷത്തോടെ നിലകൊള്ളാൻ ലീഗിനെ പ്രേരിപ്പിക്കുന്നതും ഈ മതകേന്ദ്രീകൃത ശക്തിയാണ്. ഇന്ന് സംസ്ഥാനഭരണകൂടത്തിന്റെ സിരാകേന്ദ്രമാണ് മലപ്പുറം ജില്ല. സുപ്രധാന വകുപ്പുകൾ എല്ലാം ഭരിക്കുന്നത് മലപ്പുറത്തുനിന്നുള്ള അഞ്ച് മന്ത്രിമാരാണ്.

ജനസംഖ്യാപരമായ അസന്തുലനം രാഷ്ട്രീയരംഗത്ത് ഉണ്ടാക്കുന്ന ചലനങ്ങൾ ഇവിടെ വ്യക്തമാണ്. ജനസംഖ്യാനിയന്ത്രണപരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ ഒരു സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ഒരുപോലെ ബാധകമാക്കുന്ന സമീപനം വേണം കേരളത്തിൽ ജനസംഖ്യാ നിയന്ത്രണപരിപാടികൾ ഹിന്ദു-ക്രിസ്ത്യൻ വിഭാഗങ്ങളിൽ ഒതുങ്ങി. ഇത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കും എന്നതിൽ തർക്കമില്ല. രാഷ്ട്രീയ മണ്ഡലത്തിൽ ഇതിന്റെ സ്വാധീനം വളരെ വലുതാണ്. 2021-ലെ സെൻസസ് പ്രകാരം വീണ്ടും നിയോജകമണ്ഡലങ്ങളുടെ പുനസംഘടന വരുമ്പോൾ മലബാർ ഭാഗത്ത് കുറഞ്ഞത് അരഡസൻ മണ്ഡലങ്ങൾകൂടെ വർദ്ധിക്കും എന്നതിൽ സംശയമില്ല.



digitized by www.haindavam.org

# ക്രിസ്ത്യൻ വർഗ്ഗീയതാല്പര്യം മാനിച്ച ഭൂപരിഷ്ക്കരണം

കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഏറെ കൊട്ടിയാഘോഷിച്ച ഭൂപരിഷ്കരണം അവശപിന്നോക്കവിഭാഗങ്ങളെ വഞ്ചിച്ചുകൊണ്ടാണ് നടപ്പാക്കിയത്. ഇപ്പോൾ ഇടതുപക്ഷ നേതാക്കൾപോലും രണ്ടാം ഭൂപരിഷ്ക്കരണത്തിനുവേണ്ടി വാദിക്കുന്ന അവസ്ഥ വന്നത് അതുകൊണ്ടാണ്. കത്തോലിക്കാസഭയുടെ താല്പര്യം മാനിച്ചാണ് ഭൂപരിഷ്കരണനിയമം നടപ്പാക്കിയത്. പരമ്പരാഗത കൃഷി ചെയ്തിരുന്ന ഭൂമിയാണ് ഭൂപരിഷ്കരണനിയമത്തിന് വിധേയമാക്കിയത്. നാണ്യവിളകൾ കൃഷിചെയ്തവരും, നിയമത്തിൽ നിന്ന് രക്ഷപ്പെടാൻ നാണ്യവിളകളിലേയ്ക്ക് തിരിഞ്ഞവരും ഭൂപരിഷ്കരണനിയമത്തിൻകീഴിൽ വന്നില്ല. ഹിന്ദു ജന്മിത്വം അവസാനിച്ചുവെങ്കിലും, നൂറ്റാണ്ടുകളായി കർഷകതൊഴിലാളികളായിരുന്ന അടിസ്ഥാന ജനവിഭാഗങ്ങൾക്ക് മൂന്നു മുതൽ അഞ്ച് സെന്റ് വരെ ഭൂമി മാത്രമാണ് ലഭിച്ചത്. സ്വന്തം കുടുംബാംഗങ്ങളുടെ മൃതശരീരംപോലും സംസ്കരിക്കാൻ ഇവർക്ക് ഇന്ന് ഇടമില്ല. കത്തോലിക്കാസഭയുടെ ഇടപെടൽ കൊണ്ടു ക്രിസ്ത്യൻ സമൂഹത്തിന് കൈവശമുണ്ടായിരുന്ന ഭൂമി നിലനിർത്താനും, മലയോര മേഖലയിലെ കുടിയേറ്റ ഭൂമിയ്ക്ക് പട്ടയം ലഭിക്കാനും കഴിഞ്ഞു. കേരള കോൺഗ്രസ് രാഷ്ട്രീയം കുടിയേറ്റ



digitized by www.haindavam.org

മേഖലയിലെ പട്ടയപ്രശ്നവുമായി ബന്ധപ്പെട്ടാണ് 1970കളിൽ മുന്നിൽവരുന്നത്. സി.പി.എമ്മും, കോൺഗ്രസ് പാർട്ടിയും കത്തോലിക്കാ സഭയുടെ താല്പര്യം മാത്രമാണ് മാനിച്ചത്.

1975-ൽ കേരള നിയമസഭാ പാസ്സാക്കിയ വനവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുനൽകാനുള്ള നിയമം ഇതുവരെയും നടപ്പാക്കാൻ കഴിയാതെപോയത് ഇടതു-വലതു മുന്നണികൾ ക്രിസ്ത്യൻ ന്യൂനപക്ഷതാല്പര്യം സംരക്ഷിക്കുന്നതുകൊണ്ടാണ്. ഇതുമായി ബന്ധപ്പെട്ട സുപ്രീംകോടതി നിർദ്ദേശംപോലും ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണിന്നുള്ളത് കേരളത്തിലെ ഭൂപരിഷ്കരണം എത്രമാത്രം അശാസ്ത്രീയമായിരുന്നു എന്ന് കണക്കുകൾ തെളിയിക്കുന്നു. ഒരു കുടുംബത്തിന്റെ കൈവശഭൂമി നോക്കുകയാണെങ്കിൽ ക്രിസ്ത്യൻ കുടുംബങ്ങൾക്ക് ശരാശരി 127 സെന്റ് ഭൂമിയുള്ളപ്പോൾ ഹിന്ദുകുടുംബങ്ങൾക്ക് ശരാശരി 69 സെന്റ് മാത്രമാണ്. മുസ്ലീം കുടുംബങ്ങൾക്ക് ഇത് 71 സെന്റാണ്.

കേരളത്തിലെ ആകെ 5,58,231 പട്ടികജാതി കുടുംബങ്ങൾക്കായി 59375 ഏക്കർ ഭൂമി മാത്രമാണുള്ളത്. അതായത് പട്ടികജാതി കുടുംബങ്ങളുടെ ശരാശരി കൈവശഭൂമി കേവലം 10.6 സെന്റ് മാത്രമാണ്. 25,408 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയോ, ഭവനമോ ഇല്ല. 15,984 കുടുംബങ്ങൾക്ക് ഭൂമിയുണ്ടെങ്കിലും ഭവനരഹിതരാണ്. (പട്ടികജാതി കുടുംബങ്ങളുടെ അടിസ്ഥാന വിവരശേഖരണം, ഡേറ്റാ പ്രോസസിംഗ് സെന്റർ, തിരുവനന്തപുരം 2011). ശരിയായ ഭൂപരിഷ്കരണം നടക്കാത്തതുകൊണ്ടാണ് അവശജനവിഭാഗങ്ങൾ പുറന്തള്ളപ്പെട്ടത്. നാണ്യവിളകളുടെ പേരിലാണ് ഭൂപരിഷ്കരണത്തെ അതിജീവിക്കാൻ കത്തോലിക്കാ വിഭാഗത്തിന് കഴിഞ്ഞത്. ചുരുക്കത്തിൽ ഭൂപരിഷ്കരണം കേരളത്തിന്റെ ഏറ്റവും കൂടുതൽ ഭൂമി



digitized by www.haindavam.org

കൈവശം വച്ചിരിക്കുന്ന കത്തോലിക്കാ വിഭാഗത്തെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് നടപ്പാക്കിയത്. ഈ ഒത്തുകളിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളും കോൺഗ്രസ് പാർട്ടിയും ഒരുപോലെ പങ്കാളികളാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ എല്ലാം സമർപ്പിച്ച പട്ടികജാതി വിഭാഗങ്ങളും മറ്റു ഹിന്ദു അവശവിഭാഗങ്ങളുമാണ് വഞ്ചിക്കപ്പെട്ടത്.



digitized by www.haindavam.org

# ഇസ്ലാമിക വർഗ്ഗീയതയെ വളർത്തിയതിൽ കോൺഗ്രസിനും സി.പി.എമ്മിനും തുല്യപങ്ക്

മുസ്ലിംലീഗിനെ വളർത്തിയതും, ഇസ്ലാമിക മതമൗലികവാദത്തെ ശക്തിപ്പെടുത്തിയതിലും കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് തുല്യ പങ്കാണ്. മുസ്ലിം പ്രീണന രാഷ്ട്രീയം കോൺഗ്രസിന്റെ മുഖമുദ്രയാണ്. മുസ്ലീം സ്വത്വബോധത്തെ വളർത്തി പൊതുസമൂഹത്തിൽനിന്ന് വേറിട്ട വിഭാഗമാക്കി മാറ്റുന്നതിൽ സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഭരണഘടനാപരമായി തന്നെ മുസ്ലീം ന്യൂനപക്ഷത്തിന് വിശേഷാൽ അവകാശങ്ങൾ ഉണ്ട്. സിവിൾ നിയമം പോലും അവർക്ക് മതനിയമമാണ്. മുസ്ലിം ഭൂരിപക്ഷ സംസ്ഥാനമായ കാശ്മീരിന് വിശേഷാൽ അധികാരം നൽകി. സുപ്രീം കോടതി വിധി മറികടക്കാൻ വിവാഹമോചനം നൽകിയ സ്ത്രീയ്ക്കുപോലും ജീവനാംശം നൽകേണ്ട എന്ന നിയമം അംഗീകരിച്ചത് കോൺഗ്രസ് പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ഭരണകാലത്താണ്. 2004-ൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന യു.പി.എ സർക്കാർ നിരവധി മുസ്ലീം പ്രീണന പരിപാടികൾ പ്രഖ്യാപിക്കുകയുണ്ടായി. മുസ്ലീം താല്പര്യം മാനിച്ച് ഭീകരവിരുദ്ധ നിയമം പിൻവലിച്ചു. സച്ചാർ കമ്മീഷൻ, രംഗനാഥമിശ്ര കമ്മീഷൻ എന്നിവ



digitized by www.haindavam.org

മുസ്ലീം ന്യൂനപക്ഷ താല്പര്യം മാനിച്ചാണ് നിയോഗിച്ചത്. കൂടാത പ്രധാനമന്ത്രിയുടെ പതിനഞ്ചിന മുസ്ലീം വികസന പാക്കേജും പ്രഖ്യാപിക്കുകയുണ്ടായി. ഈ രാജ്യത്തിന്റെ വിഭവങ്ങളിൽ ഒന്നാമത്തെ അവകാശം മുസ്ലീങ്ങൾക്കാണെന്ന് പ്രധാനമന്ത്രി മൻമോഹൻസിംഗ് പ്രഖ്യാപിച്ചത് ഏറെ വിവാദമായിരുന്നു. മതാടിസ്ഥാനത്തിൽ മുസ്ലീങ്ങൾക്ക് സംവരണം ഏർപ്പെടുത്തി. മണ്ഡൽ കമ്മീഷൻ ശുപാർശപ്രകാരം 27 ശതമാനം പിന്നോക്കക്കാർക്ക് സംവരണം ഏർപ്പെടുത്തിയിരുന്നതിൽനിന്നും നാലരശതമാനം മുസ്ലീങ്ങൾക്കായി മാറ്റിവച്ചു. ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനും, 93-ാം ഭരണഘടനാ ഭേദഗതിയിലൂടെ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ന്യൂനപക്ഷ സ്ഥാപനങ്ങളിൽ സംവരണം പാടില്ല എന്നും സ്ഥാപിച്ചു. ആയിരക്കണക്കിന് കോടി രൂപയുടെ സ്കോളർഷിപ്പാണ് മുസ്ലിം വിദ്യാർത്ഥികൾക്കായി മാറ്റിവച്ചത്. രാജ്യത്തെ തൊണ്ണൂറ് ജില്ലകളെ മുസ്ലീം കേന്ദ്രീകൃത ജില്ലകളായി തെരഞ്ഞെടുത്തു. ബാങ്ക് വായ്പയുടെ പതിനഞ്ച് ശതമാനം മുസ്ലീങ്ങൾക്കായി മാറ്റിവയ്ക്കാൻ ഉത്തരവിട്ടു. കൂടാത മദ്രസകൾക്ക് പ്രത്യേകസാമ്പത്തിക പദ്ധതികളും പ്രഖ്യാപിക്കുകയുണ്ടായി. സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലാണ് നടപടികൾ എടുത്തത്. അലിഗഢ് സർവ്വകലാശാലയെ ന്യൂനപക്ഷ സർവ്വകലാശാലയായി പ്രഖ്യാപിച്ചു. കൂടാതെ രാജ്യത്തെ മലപ്പുറം ഉൾപ്പെടെ അഞ്ചു മുസ്ലീം ഭൂരിപക്ഷ ജില്ലകളിൽ അലിഗഢിന്റെ സെന്ററുകൾ ആരംഭിച്ചു.

സ്വതന്ത്രഭാരതത്തിൽ മുസ്ലിം ലീഗിനെ ഉൾപ്പെടുത്തിയ ആദ്യ കേന്ദ്രമന്ത്രിസഭയാണ് 2004-ലെ യു.പി.എ സർക്കാർ. സ്വാഭാവികമായും മുസ്ലിം വിഭാഗീയതയ്ക്ക് കൂടുതൽ അംഗീകാരവും രാഷ്ട്രീയ പിന്തുണയും അങ്ങനെ ലഭിച്ചു. ന്യൂനപക്ഷ വർഗ്ഗീയ പ്രീണനം യു.പി.എ സർക്കാരിന്റെ മുഖമുദ്രയായി.



digitized by www.haindavam.org

മുസ്ലിം പ്രീണനത്തിന് സി.പി.എമ്മിന്റെ സംഭാവന കോൺഗ്രസിനെയും തോല്പിക്കുന്ന തരത്തിലാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ മുസ്ലിം ലീഗിനെ ആദ്യമായി ഒരു സംസ്ഥാന മന്ത്രിസഭയിൽ ഉൾപ്പെടുത്തുന്നത് 1967-ലെ ഇ.എം.എസ് നമ്പൂതിരിപ്പാട് നയിച്ച മുന്നണി ഭരണമാണ്. വിദ്യാഭ്യാസ വകുപ്പിൽ പരസ്യമായ വർഗ്ഗീയവൽക്കരണം ആരംഭിക്കുന്നതും ലീഗിന്റെ കീഴിലാണ്. മാപ്പിളലഹളയെ കർഷക സമരമായി വ്യാഖ്യാനിച്ച് മുസ്ലിം മത മൗലികവാദത്തെ ന്യായീകരിച്ചതും, മുസ്ലിം ഭൂരിപക്ഷ ജില്ല എന്ന ആശയത്തിന് അംഗീകാരം നൽകുന്നതും സി.പി.എമ്മാണ്. മുസ്ലീംലീഗ് ഇടതുമുന്നണി വിട്ടതിനുശേഷം പിൽക്കാലത്ത് ലീഗിന് പകരമായി വിവിധ മുസ്ലീം മതമൗലിക പാർട്ടികളെ പരീക്ഷിക്കാൻ സി.പി.എം തയ്യാറായി. അഖിലേന്ത്യാ ലിഗ്, ഐ.എൻ.എൽ, പി.ഡി.പി, എൻ.ഡി.എഫ്, പോപ്പുലർ ഫ്രണ്ട്, ജമാത്തെ ഇസ്ലാമി എന്നീ പ്രസ്ഥാനങ്ങൾക്കും, മദനിയെപോലുള്ള നേതാക്കന്മാർക്കും വേദി ഒരുക്കാൻ സി.പി.എം ശ്രമിച്ചിട്ടുണ്ട്. 2009-ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ പി.ഡി.പി, എൻ.ഡി.എഫ്, ജമാത്തെ ഇസ്ലാമി, പോപ്പുലർ ഫ്രണ്ട് തുടങ്ങിയ പാർട്ടികളുമായി പരസ്യമായ സന്ധിയാണ് സി.പി.എം ചെയ്തത്. കേരളത്തിൽ ഇസ്ലാമിക തീവ്രവാദം ഇല്ല എന്ന നിലപാടാണ് സി.പി.എമ്മും, ഇടതുഭരണകൂടവും 2010 വരെ സ്വീകരിച്ചിരുന്നത്. ജയിൽ മോചിതനായ മദനിയ്ക്ക് തലസ്ഥാനത്ത് ഒരുക്കിയ പൗരസ്വീകരണത്തിൽ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ, വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി തുടങ്ങി അഞ്ചുമന്ത്രിമാരാണ് നേരിട്ട് നേതൃത്വം നൽകിയത്. 2010 ജൂലൈയിൽ മുസ്ലീം തീവ്രവാദികൾ തൊടുപുഴയിലെ കോളേജ് അദ്ധ്യാപകന്റെ കൈവെട്ടിയ സംഭവത്തിനുശേഷമാണ് ആദ്യമായി സംസ്ഥാനത്ത് തീവ്രവാദത്തിനെതിരെ പോലീസ് നടപടി ആരംഭിക്കുന്നത്. ഇടതു-വലത് സർക്കാരുകൾ നിസ്സാരമായി



digitized by www.haindavam.org

കണ്ട് എഴുതി തള്ളിയ കോഴിക്കോട് ഇരട്ട സ്ഫോടനം, പാനായിക്കുളം-വാഗമൺ സിമി ക്യാമ്പുകൾ, കളമശ്ശേരി ബസ് കത്തിക്കൽ തുടങ്ങി നിരവധി കേസുകൾ ഇപ്പോൾ എൻ.ഐ.എ അന്വേഷിക്കുന്നത് എടുത്തുപറയേണ്ടതാണ്. പ്രീണന രാഷ്ട്രീയം എല്ലാ അതിരുകളും വിട്ടതിന് ഉദാഹരണമാണിതെല്ലാം. പാക്കിസ്ഥാനിൽനിന്ന് കള്ളനോട്ടുകൾ വ്യാപകമായി കേരളത്തിൽ എത്തിച്ചേർന്നതും സംസ്ഥാനത്തെ അനുകൂല രാഷ്ട്രീയംകൊണ്ടാണ്.

സി.പി.എമ്മിന്റെ മുസ്ലിം പ്രീണന രാഷ്ട്രീയത്തിന്റെ മറ്റൊരുദാഹരണമാണ് 2007-ലെ സി.പി.എം പോളിറ്റ് ബ്യൂറോ അംഗീകരിച്ച "മുസ്ലിം ഉന്നമനത്തിനായുള്ള ചാർട്ടർ". പതിനേഴോളം പരിപാടികൾ ചാർട്ടർ വിഭാവന ചെയ്യുന്നു. പശ്ചിമ ബംഗാളിൽ മുസ്ലിങ്ങൾ 28 ശതമാനവും, കേരളത്തിൽ 27 ശതമാനവുമാണെന്നുള്ളതുകൊണ്ടാണ് ഇത്തരം നടപടികൾ സ്വീകരിക്കാൻ പാർട്ടി തയ്യാറായത്.

സി.പി.എമ്മിന്റെ മുസ്ലിം വർഗ്ഗീയ അജണ്ട വിളിച്ചോതുന്നതാണ് പാലൊളി സമിതി (2007) നിർദ്ദേശങ്ങൾ. ന്യൂനപക്ഷമന്ത്രാലയം മലബാറിൽ അറബി സർവ്വകലാശാലയും, അലിഗഡ് സർവ്വകലാശാല സെന്ററും തുടങ്ങി നിരവധി മതപ്രീണന നടപടികൾ പാലൊളി സമിതി റിപ്പോർട്ട് മുന്നിൽവയ്ക്കുന്നു. വികസന പദ്ധതികൾ പോലും മതാടിസ്ഥാനത്തിൽ രൂപപ്പെടുത്തണമെന്ന വാദമാണ് ഇപ്പോൾ ഉള്ളത്. ഹിന്ദുത്വശക്തികളെ നേരിടാൻ സി.പി.എം ആണ് മുന്നിൽ എന്ന ധാരണ സൃഷ്ടിക്കാൻ വേണ്ടിയും, കോൺഗ്രസ് മുന്നണിയിൽനിന്ന് ഒരുവിഭാഗം മുസ്ലിം വോട്ടുകളെ കയ്യടക്കാനുമാണ് ഇസ്ലാം അനുകൂല നിലപാടെടുക്കാൻ സി.പി.എം നേതൃത്വത്തെ പ്രേരിപ്പിക്കുന്നത്.



digitized by www.haindavam.org

# പട്ടികജാതി സംവരണം അട്ടിമറിക്കാൻ ന്യൂനപക്ഷ ഗൂഢാലോചനയും ഇടതു-വലതു മുന്നണികളുടെ പിന്തുണയും

പാർമെന്റിലും, സംസ്ഥാനനിയമഭകളിലും, കേന്ദ്രസംസ്ഥാന സർവ്വീസിലും നിലവിലുള്ള പട്ടികജാതി സംവരണം അട്ടിമറിക്കാൻ സംഘടിത മത ന്യൂനപക്ഷങ്ങൾ ശ്രമം ആരംഭിച്ചിട്ട് പതിറ്റാണ്ടുകൾ കഴിയുന്നു. കാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒരുപാട് നിയമയുദ്ധങ്ങൾക്ക് ഒടുവിലാണ് കേന്ദ്രം ഭരിക്കുന്ന യു.പി.എ സർക്കാർ രംഗനാഥമിശ്ര കമ്മീഷനെ നിയോഗിക്കുന്നത്. 1950-ലെ എസ്.സി/എസ്.റ്റി ഓർഡർ 3-ാം ഖണ്ഡിക ഭേദഗതി ചെയ്ത് ദളിത് മുസ്ലീങ്ങളെയും, ദളിത് ക്രിസ്ത്യാനികളെയും കൂടി ഉൾപ്പെടുത്തി, സംവരണാനൂകൂല്യം നൽകണമെന്നാണ് രംഗനാഥമിശ്ര കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. കോൺഗ്രസ് പാർട്ടിയും, സി.പി.എമ്മും രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിനെ സ്വാഗതം ചെയ്തത് ക്രിസ്ത്യൻ മുസ്ലിം പ്രീണന രാഷ്ട്രീയത്തിന്റെ ഭാഗമായാണ്.

ചരിത്രപരമായ കാരണങ്ങളാൽ നീതി നിഷേധിക്കപ്പെട്ട ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഭരണഘടന ഉറപ്പാക്കുന്ന സംവര



digitized by www.haindavam.org

ക്ഷമാണ് പട്ടികജാതി-പട്ടികവർഗ്ഗ സംരക്ഷണം. കേന്ദ്രസർവ്വീസിൽ പട്ടികജാതി വിഭാഗത്തിന് 15 ശതമാനവും, പട്ടികവർഗ്ഗ വിഭാഗത്തിന് 7.5 ശതമാനവും സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇത് യഥാക്രമം 8 ശതമാനവും 2 ശതമാനവുമാണ്. ജനസംഖ്യയിൽ 35 ലക്ഷം വരുന്ന എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഏക അത്താണിയാണ് സംവരണം. വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾക്ക് ആയിരക്കണക്കിന് സ്ഥാപനങ്ങൾ ഉള്ളപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു സ്ഥാപനം പോലുമില്ല. എയിഡഡ് സ്കൂൾ-കോളേജ് തലത്തിൽ ഒന്നേ കാൽ ലക്ഷം പേർ സർക്കാർ ശമ്പളം വാങ്ങുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ പൂർണ്ണമായും ഈ മേഖലയിൽ പുറത്താണ്. സംവരണത്തിന്റെ പരിരക്ഷ ഇല്ലാത്തതുകൊണ്ടാണ് ഈ അനീതി. കേരളം ഭരിച്ച ഇടതു-വലതു മുന്നണികൾ പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളെ അവഗണിച്ചു. ഉദാഹരണത്തിന് മഹാത്മാ അയ്യൻകാളി 1904-ൽ വെങ്ങാനൂരിൽ ആരംഭിച്ച സ്കൂൾ 108 വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു യു.പി സ്കൂൾ മാത്രമായി നിലകൊള്ളുന്നു. പട്ടികജാതി വിഭാഗങ്ങൾക്ക് എയിഡഡ്-അൺ എയിഡഡ് മേഖലകളിൽ യാതൊരു സ്ഥാപനവുമില്ല, അത്തരം ന്യൂനപക്ഷ സ്ഥാപനങ്ങളില അഡ്മിഷന് പരിരക്ഷയുമില്ല. കേരളത്തിലെ വാണിജ്യ, വ്യവസായ, ചെറുകിട-വ്യാപാര, പരമ്പരാഗത കാർഷിക മേഖലകളിലും, നാണ്യവിളകളുടെ കൃഷി, ഗൾഫിലെ തൊഴിലവസരങ്ങൾ എന്നിവയിലും പട്ടികജാതി വിഭാഗങ്ങൾക്ക് ഒരുശതമാനം പോലും പങ്കാളിത്തമില്ല. മാത്രമല്ല ഈ മേഖലകളിലെല്ലാം മതന്യൂനപക്ഷങ്ങൾക്കാണ് വൻ മേൽകോയ്മ. എന്നാൽ പട്ടികജാതിക്കരിലെ 63 ശതമാനവും കാർഷിക മേഖലയിലെ കൂലിപണിക്കാരാണ്. കാർഷികേതര മേഖലയിൽ 16 ശതമാനം കൂലിവേല ചെയ്യുമ്പോൾ കേവലം 6 ശതമാനത്തിനാണ് സ്ഥിരം തൊഴിൽ ഉള്ളത്.



digitized by www.haindavam.org

ഇപ്പോൾ പട്ടികജാതിവിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഏക ആശ്വാസമായ വിദ്യാഭ്യാസ ആനുകൂല്യങ്ങളും, സർക്കാർ സർവ്വീസിലെ സംവരണവുമാണ് അട്ടിമറിക്കാൻ പോകുന്നത്. മത ന്യൂനപക്ഷങ്ങളെ കൂടെ ഉൾപ്പെടുത്തി പട്ടികജാതി ലിസ്റ്റ് വിപുലീകരിച്ചാൽ ഹിന്ദു-പട്ടികജാതി വിഭാഗങ്ങൾ പൂർണ്ണമായും പുറത്താക്കപ്പെടും. ഉദാഹരണത്തിന് കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലായി പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് 10 ശതമാനം സിറ്റ് അതായത് 90 സീറ്റ് സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ലാറ്റിൻ ക്രിസ്തന്യാനികൾക്ക് 2 ശതമാനവും, പിന്നോക്ക ക്രിസ്ത്യാനികൾക്ക് ഒരു ശതമാനവും സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. രംഗനാഥമിശ്ര ശുപാർശ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗത്തിന്റേ സംവരണം പരിവർത്തിത ക്രിസ്ത്യാനികൾക്കും ദളിത് മുസ്ലീങ്ങൾക്കുംകൂടെ തുറന്നുകൊടുക്കും. നിലവിൽ മെരിറ്റ് സീറ്റിലെ വലിയൊരു ശതമാനം വിദ്യാർത്ഥികൾ ക്രിസ്ത്യൻ വിഭാഗത്തിൽനിന്നുള്ളവരാണ് എന്ന വസ്തുതയും എടുത്തുപറയേണ്ടതുണ്ട്. മാത്രമല്ല സംസ്ഥാനത്തെ അഞ്ചു ക്രിസ്ത്യൻ സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 500 സീറ്റുകളും, ഏഴു മുസ്ലിം സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 750 സീറ്റുകളുമുണ്ട്. ഈ സ്വാശ്രയ ന്യൂനപക്ഷ മെഡിക്കൽ കോളേജുകളിൽ ഏതാണ്ട് എഴുപത്തിയഞ്ച് ശതമാനവും മത ന്യൂനപക്ഷവിഭാഗത്തിൽനിന്നുള്ളവരാണ് പഠിക്കുന്നത്. ഭരണഘടനാപരമായിതന്നെ ഈ സ്ഥാപനങ്ങളിൽ പട്ടികജാതി സംവരണം ഏർപ്പെടുത്തിയിട്ടുമില്ല. എടുത്തുപറയേണ്ട വസ്തുത സർക്കാർ-അൺ എയിഡഡ് മേഖലകളിൽ നിലവിൽ മേൽകോയ്മയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾക്ക്, എസ്.സി/എസ്.റ്റി സംവരണപ്രകാരമുള്ള സീറ്റുകളും കൂടെ തുറന്നുകൊടുക്കുന്ന അവസ്ഥയുണ്ടാവും. മുപ്പതുലക്ഷം വരുന്ന പരിവർത്തിത ക്രൈസ്തവർ പട്ടികജാതി സംവരണം പൂർണ്ണമായും കയ്യടക്കുന്ന സാഹചര്യം രംഗനാഥ മിശ്ര കമ്മീഷൻ റിപ്പോർട്ടു നടപ്പാക്കിയിൽ



digitized by www.haindavam.org

ഉണ്ടാവും.

കൂടാതെ, പാർലമെന്റിലും, സംസ്ഥാന നിയമസഭകളിലും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും, നിലവിലുള്ള പട്ടികജതി സംവരണ സീറ്റുകൾ സംഘടിത മതന്യൂനപക്ഷങ്ങൾ പിടിച്ചെടുക്കുന്ന സാഹചര്യം ഉണ്ടാവും. രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിലൂടെ ലക്ഷ്യമാക്കുന്നതും രാഷ്ട്രീയമണ്ഡലത്തിലെ സംവരണമാണ്. ഇത് ദൂരവ്യാപകമായ ഫലം ഉളവാക്കും. ഈ സാഹചര്യത്തിൽ സംഘടിത വോട്ട് ബാങ്കിനു മുന്നിൽ തലകുനിക്കുന്ന കോൺഗ്രസ്-സി.പി.എം ശ്രമം തകർത്തെറിയാൻ ഹിന്ദു സമൂഹത്തിനു കഴിയുമോ എന്നതാണ് പ്രശ്നം. ജാതിയ്ക്ക് അതീതമായി എല്ലാ വിഭാഗങ്ങളും ഒന്നായിനിന്ന് പോരാടിയാലേ പട്ടികജാതിക്കാരോടുള്ള ഈ അനീതിയെ ചോദ്യം ചെയ്യാനാവൂ.

ഈ പശ്ചാത്തലത്തിൽ കേരളത്തിലെ പട്ടികജാതി വിഭാഗങ്ങൾ എവിടെ നിൽക്കുന്നു എന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതുണ്ട്. അവർ വിശ്വസിച്ച ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽപോലും നേതൃത്വതലത്തിൽ പട്ടികജാതിവിഭാഗങ്ങളില്ല. മുന്നണി രാഷ്ട്രീയത്തിൽ സംഘടിത മതന്യൂനപക്ഷങ്ങൾ വൻപിച്ച പുരോഗതി നേടിയപ്പോൾ ഹിന്ദുസമൂഹം പൊതുവേയും, അവശ പിന്നോക്കവിഭാഗങ്ങൾ പ്രത്യേകിച്ചും സാമ്പത്തികമായി തകർന്നടിഞ്ഞു. താഴെ കൊടുക്കുന്ന പട്ടിക-ഒന്ന് പട്ടികജാതി വിഭാഗങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുന്നു. സംവരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ചില തൊഴിൽ അവസരങ്ങളും, വിദ്യാഭ്യാസ ആനുകൂല്യങ്ങളുമാണ് അവരെ നിലനിർത്തുന്നത്. ഈ ആനുകൂല്യങ്ങളാണ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട് പ്രകാരം ന്യൂനപക്ഷങ്ങൾക്ക് പങ്ക് വയ്ക്കാൻ പോകുന്നത്.



digitized by www.haindavam.org

പട്ടിക - ഒന്ന്

## കേരളത്തിലെ പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരം*

| | | |
|---|---|---|
| 1. | സംസ്ഥാനത്തെ ആകെ പട്ടികജാതി കുടുംബങ്ങൾ | 5,58,231 |
| 2. | പട്ടികജാതി കുടുംബങ്ങളുടെ ശരാശരി കൈവശഭൂമി | 10.6 സെന്റ് |
| 3. | ഒരു മുറി മാത്രമുള്ള 40 ച:മീറ്ററിൽ കുറച്ച് തറ വിസ്തീർണ്ണമുള്ള വീടുകൾ | 1,23,871 |
| 4. | പൂർത്തിയാകാത്ത വീടുകൾ | 67,911 |
| 5. | കക്കൂസ് സൗകര്യം ഇല്ലാത്ത വീടുകൾ | 68,685 |
| 6. | കക്കൂസ് നിർമ്മിക്കാൻ സ്ഥലം ഇല്ലാത്ത വീടുകൾ | 14,136 |
| 7. | വൈദ്യുതീകരിക്കാത്ത വീടുകൾ | 88,333 |
| 8. | ഭവനരഹിത കുടുംബങ്ങൾ | 15,984 |
| 9. | കുടികിടപ്പവകാശം ലഭിച്ച ഭൂമി | 1877ഏക്കർ |
| 10. | മിച്ചഭൂമി പതിച്ചുനൽകിയത് | 888 ഏക്കർ |
| 11. | സർക്കാർ കുടിയിരുത്തിയത് | 1721 ഏക്കർ |



digitized by www.haindavam.org

| | | |
|---|---|---|
| 12. | റവന്യൂ പുറംപോക്ക് | 413 ഏക്കർ |
| 13. | പട്ടികജാതിവികസനവകുപ്പ് നൽകിയത് | 2338 ഏക്കര |
| 14. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയത് | 630 ഏക്കർ |
| 15. | ആകെ സർക്കാർ സംവിധാനത്തിൻ കീഴിൽ ലഭിച്ച ഭൂമി | 7454 ഏക്കർ |
| 16. | സ്വന്തമായി ആർജ്ജിച്ച ഭൂമി | 29342 ഏക്കർ |
| 17 | ബിരുദവും ഉപരിവിദ്യാഭ്യാസവും നേടിയവർ | 60000(2.8%) |
| 18. | കാർഷികമേഖലയിൽ കൂലിപണി എടുക്കുന്നവർ | 5.21 ലക്ഷം(62.77%) |
| 19. | കാർഷികേതരമേഖലയിൽ കൂലിപണി എടുക്കുന്നവർ | 1.30 ലക്ഷം(15.66) |
| 20. | സ്ഥിരം തൊഴിലുള്ളവർ | 51000 (6.14%) |

*അവലംബം- പട്ടികജാതികുടുംബങ്ങളുടെ അടിസ്ഥാന വിവരശേഖരണം, 2009-10.

(ഡേറ്റാ പ്രോസസിംഗ് സെന്റർ, തിരുവനന്തപുരം- 2011)



digitized by www.haindavam.org

# പ്രീണനരാഷ്ട്രീയം ന്യൂനപക്ഷ-ഭൂരിപക്ഷ അന്തരം വളർത്തി

മതേതര രാഷ്ട്രീയം ഭൂരിപക്ഷത്തിന്റെ ബാദ്ധ്യതയായിരിക്കുന്നു. മതേതര രാഷ്ട്രീയത്തിൽ വിശ്വസിച്ച് ദേശീയ രാഷ്ട്രീയ പാർട്ടികളെ പിന്തുണച്ച ഭൂരിപക്ഷ ഹിന്ദുസമൂഹം വഞ്ചിക്കപ്പെട്ടിരിക്കുന്നു. വോട്ട് ബാങ്കിന്റെ ബലത്തിൽ സംഘടിത മതശക്തികൾ കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, രാഷ്ട്രീയ മേഖലകളിലാകെ മേൽകോയ്മ നേടി. മതനേതൃത്വവും, വൈദേശിക സഹായവും അതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കി. അസംഘടിത ഹിന്ദുസമൂഹം വെറും കാഴ്ചക്കാരായി മാറി. പരമ്പരാഗത കാർഷിക മേഖലയും, പരമ്പരാഗത തൊഴിൽ മേഖലയും തകർന്നത് ഹിന്ദു സമൂഹത്തെയാണ് ബാധിച്ചത്. പൊതുമേഖലയിലെ തകർച്ച ഈ രംഗത്ത് വിശ്വാസമർപ്പിച്ച ഭൂരിപക്ഷസമൂഹത്തെ തളർത്തി. സംവരണവും സർക്കാർ സർവ്വീസും ഹിന്ദുവിന് പ്രതീക്ഷിച്ച പോലെ തൊഴിൽ അവസരമൊരുക്കിയില്ല. പൊതുവിദ്യാഭ്യാസ മേഖല തളരുകയും സ്വാശ്രയ മേഖല തഴച്ചവളരുകയും ചെയ്തത് നോക്കിനിൽക്കാനേ ഹിന്ദു



digitized by www.haindavam.org

സമുദായസംഘടനകൾക്കും നേതൃത്വത്തിനും കഴിഞ്ഞുള്ളൂ. കമ്പോള സംസ്കാരം, വാണിജ്യമേഖലയുടെ വളർച്ച, തോട്ടവിളകളുടെ മുന്നേറ്റം, സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വ്യാപ്തി, മാധ്യമരംഗത്തെ പുതിയ ഉണർവ്വ് വിശേഷിച്ച് വിഷ്വൽ മീഡിയയുടെ കടന്നുവരവ്, പുത്തൻ വ്യവസായ സംരംഭങ്ങൾ, ഗൾഫ് മേഖലയിലെ തൊഴിൽ അവസരങ്ങൾ, വിദേശപണത്തിന്റെ ഒഴുക്ക് ഇവ സംഘടിത ന്യൂനപക്ഷങ്ങൾക്ക് കരുത്തേകി. രാഷ്ട്രീയരംഗത്തെ ആധിപത്യവും ഇടതു-വലതുമുന്നണികളിലെ സ്വാധീനവും, സംഘടിത മതശക്തിയും ന്യൂനപക്ഷത്തെ സമഗ്രമേഖലകളിലും മുന്നിലാക്കി.

കേരളത്തിൽ വ്യവസായങ്ങൾ വളർന്നില്ല എങ്കിലും, വിദ്യാഭ്യാസ മേഖലയെയും, ആരോഗ്യമേഖലയും കച്ചവടകവൽക്കരിച്ച് വൻപിച്ച വ്യാപാരസാദ്ധ്യത കണ്ടെത്താൻ സംഘടിത മതവിഭഗങ്ങൾക്ക് കഴിഞ്ഞു. കഴിഞ്ഞ അഞ്ചരപതിറ്റാണ്ടിനിടയിൽ അഞ്ചുപതിറ്റാണ്ട് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്ത ന്യൂനപക്ഷസമൂഹത്തിൽപ്പെട്ട മന്ത്രിമാരാണ്. മതനേതൃത്വത്തിന്റെ താല്പര്യമാണ് ഈ മന്ത്രിമാർ മാനിച്ചത്. സംസ്ഥാനത്തെ എയിഡഡ്-അൺഎയിഡഡ് വിദ്യാഭ്യാസ മേഖലകളിൽ ഒരുപോലെ മേധാവിത്വം ഉറപ്പിക്കാൻ സംഘടിത മതവിഭാഗങ്ങൾക്ക് കഴിഞ്ഞതാണ് അവരെ കേരളസമൂഹത്തിലും, രാഷ്ട്രീയത്തിലും നിർണ്ണായകമാക്കിയത്. പുത്തൻ വ്യാപാര സാദ്ധ്യതകൾ കണ്ടെത്താൻ അവർക്ക് കഴിഞ്ഞു. സാമ്പത്തിക ശക്തി കൈവരിക്കുന്നതിന് സംഘടിത ശക്തി സഹായകമായി. കഴിഞ്ഞ അഞ്ചു ദശകങ്ങളിലെ കേരള ഭരണം പരിശോധിച്ചാൽ സാമ്പത്തിക പുരോഗതിയ്ക്ക് ഗുണകരമാകുന്ന ചില വകുപ്പുകൾ വിശേഷിച്ച് വ്യവസായം, വാണിജ്യം, വിദ്യാഭ്യാസം, റവന്യൂ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയവ ന്യൂനപക്ഷ സമൂഹത്തിന് അനുകൂലമാക്കാൻ സംഘടിത മതശക്തികൾക്ക് കഴിഞ്ഞു. ഈ



digitized by www.haindavam.org

രംഗത്തെ നയരൂപീകരണവും, മുൻഗണനകളും നിശ്ചയിക്കുന്നത് "അരമന"കളും "ലീഗ്ഹൗസു"മാണ്. ഇടതുമുന്നണി ഭരിച്ചാലും യു.ഡി. എഫ് ഭരിച്ചാലും ഇതിൽ വലിയ മാറ്റമുണ്ടാവില്ല. ഉദാഹരണത്തിന് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ഭരണകാലത്ത്, വിദ്യാഭ്യാസം സി. പി.എം ഏറ്റെടുത്തുവെങ്കിലും ആ വകുപ്പ് ചെന്നുപെട്ടത് അരമനകൾക്ക് പ്രിയങ്കരനായ എം.എ. ബേബിയിലാണ്. ഭൂരിപക്ഷ സമൂഹത്തിനെതിരൊയ നയങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയത്. സംസ്ഥാനത്തെ സ്വാശ്രയമേഖല തഴച്ചുവളർന്നതും എം.എ. ബേബിയുടെ ഭരണത്തിൻകീഴിലാണ്. ഉദാഹരണത്തിന് 2001-2006 കാലഘട്ടത്തിൽ യു.ഡി.എഫ് സർക്കാർ സ്വാശ്രയമേഖലയിൽ 32 എൻജിനീയറിംഗ് കോളേജുകളും, 6 മെഡിക്കൽകോളേജുകളും, ഏഴ് ഡെന്റൽ കോളേജുകളും അനുവദിച്ചപ്പോൾ 2006-2011ലെ ഇടതു സർക്കാർ അൻപത്തിനാല് എൻജിനീയറിംഗ് കോളേജുകളും, എട്ട് മെഡിക്കൽ കോളേജുകളും, പതിനൊന്ന് ഡന്റൽ കോളേജുകളും അനുവദിച്ചു. ഇതിൽ ബഹുഭൂരിപക്ഷവും ന്യൂനപക്ഷ മാനേജുമെന്റുകളാണ് എന്നത് എടുത്തുപറയേണ്ടതാണ്. ചുരുക്കത്തിൽ മതേതര രാഷ്ട്രീയം പറയുന്ന കോൺഗ്രസിനെയും സി.പി.എമ്മിനെയും നിയന്ത്രിക്കുന്നത് ന്യൂനപക്ഷ താല്പര്യങ്ങളാണ്. ന്യൂനപക്ഷ പ്രീണനം ഈ പാർട്ടികളുടെയും, അവർ നയിക്കുന്ന മുന്നണികളുടെയും മുഖമുദ്രയാണ്.

കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിൽ അടുത്തകാലത്ത് സമദൂരം സ്വീകരിക്കുന്നതുവരെ എൻ.എസ്.എസും, എൻ.എസ്.എസിന്റെ രാഷ്ട്രീയ പ്രസ്ഥാനമായ എൻ.ഡി.പിയും, എക്കാലത്തും വിവിധ ക്രിസ്ത്യൻ സഭകളും യു.ഡി.എഫിനോടൊപ്പമാണ് നിന്നത്. സാമൂഹികമായി മുന്നോക്കമായി ഗണിക്കുന്ന നായർ വിഭാഗത്തെ പ്രതിനിധീകരിക്കുന്ന എൻ.എസ്.എസ് വിദ്യാഭ്യാസരംഗത്ത് നേടിയ



digitized by www.haindavam.org

വളർച്ചയും ക്രിസ്ത്യൻ സ്ഥാപനങ്ങളുടെ വളർച്ചയും ഈ അവസര ത്തിൽ താരതമ്യം ചെയ്യാവുന്നതാണ്. ന്യൂനപക്ഷ സമ്മർദ്ദ രാഷ്ട്രീ യത്തിന്റെ സ്വാധീനം താഴെപറയുന്ന പട്ടിക-2ൽ വ്യക്തമാക്കുന്നു. മുന്നണി രാഷ്ട്രീയത്തിൽ കേരളത്തിലെ മുക്കോക്കവിഭാഗത്തിന് ഇതാണ് അവസ്ഥയെങ്കിൽ പിന്നോക്ക വിഭാഗത്തിന്റെ കാര്യം പറ യേണ്ടതില്ലല്ലോ?

**പട്ടിക-2**

**എൻ.എസ്.എസ്-വിവിധ ക്രിസ്ത്യൻസഭാ സ്ഥാപനങ്ങൾ: ഒരു താരതമ്യം***

| | എൻ.എസ്.എസ് | ക്രിസ്ത്യൻ സഭകൾ |
|---|---|---|
| എയിഡഡ് സ്കൂളുകൾ | 102 | 4000 |
| ആർട്ട് ആന്റ് സയൻസ് | 18 | 120 |
| മെഡിക്കൽ കോളേജുകൾ | ഇല്ല | 5 |
| എൻജിനീയറിംഗ് കോളേജ് | 1 ** | 34 |
| ഡന്റൽ കോളേജ് | ഇല്ല | 3 |
| ഫാർമസി കോളേജ് | ഇല്ല | 7 |
| ബി.എഡ് കോളേജ് | 03 | 54 |



digitized by www.haindavam.org

| | | |
|---|---|---|
| ബി.എസ്.സി നഴ്സിംഗ് | ഇല്ല | 34 |
| എം.സി.എ കോളേജ് | ഇല്ല | 11 |
| മാനേജുമെന്റ് പഠനം (എം.ബി.എ) | ഇല്ല | 12 |

* അവലംബം: വിവിധ രേഖകളിൽനിന്ന് സമാഹരിച്ചത്
** 1960-ൽ പാലക്കാട് സ്ഥാപിച്ചത്

സംഘടിത ന്യൂനപക്ഷവും അസംഘടിത ഹിന്ദുഭൂരിപക്ഷവും കേരളത്തിൽ ഇന്ന് എവിടെ നിൽക്കുന്നു എന്ന് താഴെ നൽകുന്ന പട്ടിക-3 വിശദമാക്കുന്നു.

**പട്ടിക-3**

**സംഘടിത ന്യൂനപക്ഷവും അസംഘടിത ഹിന്ദുഭൂരിപക്ഷവും**

| | ക്രിസ്ത്യൻ ന്യൂനപക്ഷം | മുസ്ലിം ന്യൂനപക്ഷം | ഹിന്ദു ഭൂരിപക്ഷം | ആകെ ന്യൂനപക്ഷം | ആകെ ഭൂരിപക്ഷം |
|---|---|---|---|---|---|
| 1. ആർട്ട്സ് ആന്റ് സയൻസ് കോളേജ് | 120 | 86 | 72 | 206 | 72 |
| 2. എൻജിനീയറിംഗ് കോളേജ് | 33 | 35 | 24 | 68 | 24 |
| 3. മെഡിക്കൽ കോളേജ് | 5 | 7 | 2 | 12 | 02 |
| 4. ഡന്റൽ കോളേജ് | 3 | 13 | 1 | 16 | 01 |
| 5. ഫാർമസി കോളേജ് | 7 | 7 | 5 | 14 | 05 |
| 6. ബി.എസ്.സി നേഴ്സിംഗ് | 34 | 11 | 10 | 45 | 10 |
| 7. ബി.എഡ് കോളേജ് | 54 | 48 | 33 | 102 | 33 |



digitized by www.haindavam.org

| | | | | | |
|---|---|---|---|---|---|
| 8. പുറരാജ്യങ്ങളിൽ ജോലി എടുക്കുന്നവർ | 31.5% | 49.5% | 19% | 81% | 19% |
| 9. ഗൾഫ് പണം നേരിട്ടു ലഭിക്കുന്ന കുടുംബങ്ങൾ | 11.6% | 34.3% | 10.4% | 45.9% | 10.4% |
| 10. കുടുംബത്തിന്റെ ശരാശരി കൈവശഭൂമി | 127സെന്റ് | 71.1 സെന്റ് | 69.1 | 197.5 | 69.1% |
| 11. വാസയോഗ്യമായ വീട് | 84% | 90% | 80 | 87% | 80% |
| 12. വാണിജ്യ-വ്യാപാരമേഖല | 36% | 40% | 24% | 76% | 24% |
| 13. ആത്മഹത്യ (പ്രതിവർഷം ശരാശരി 10000 പേർ) | 6% | 1.2% | 92.8% | 7.2% | 92.8% |

* അവലംബം: 1) ഇക്കണോമിക് റിവ്യൂ-2011

2) കേരള പഠനം (കേരള ശാസ്ത്ര സാഹിത്യപരിഷത്ത് - 2007)

മുകളിൽ നൽകിയ പട്ടിക-3 പ്രകാരം എല്ലാ മേഖലകളിലും ന്യൂനപക്ഷ-ഭൂരിപക്ഷ അന്തരം ഏറെ പ്രകടമാണ്. ആത്മഹത്യ ഒഴിച്ച് മറ്റെല്ലാ മണ്ഡലങ്ങളിലും ഭൂരിപക്ഷ ഹിന്ദു ഏറെ പിന്നിലാണ്. ഇത്തരം ഒരു സാഹചര്യം ഒരുക്കിയ രാഷ്ട്രീയ-സാമൂഹ്യ ശക്തികളും, അവരുടെ നയങ്ങളും, സർക്കാരിന്റെ വിവേചനവും, ന്യൂനപക്ഷത്തിന്റെ വിശേഷാൽ അവകാശങ്ങളും രാഷ്ട്രീയ പ്രീണന പദ്ധതികളും ശരിയായി വിലയിരുത്തപ്പെടണം. കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിൻകീഴിൽ ഹിന്ദു സമൂഹത്തിലെ സവർണ്ണരും അവർണ്ണരും ഒരുപോലെ സാമൂഹികമായും, സാമ്പത്തികമായും, രാഷ്ട്രീയമായും, വിദ്യാഭ്യാസപരമായും ദുർബലരായി എന്നതിൽ തർക്കമില്ല. മതേതര രാഷ്ട്രീയത്തിന്റെ പേരിൽ എല്ലാം നശിച്ചവരായി ഭൂരിപക്ഷ സമൂഹം മാറാതിരിക്കാൻ ശക്തമായ നടപടികൾ സമൂഹത്തിൽനിന്ന് ഉണ്ടാവണം. അതിനാവശ്യമായ രാഷ്ട്രീയഭൂമികയാണ് സൃഷ്ടിക്കേണ്ടത്.



digitized by www.haindavam.org

ഹിന്ദു ഐക്യവേദി - കേരളം

സമന്വയ ഭവൻ, കോട്ടയ്ക്കകം പോസ്റ്റ്, തിരുവനന്തപുരം - 695023

ഫോൺ: 0471-2572400, 6454750

വില 10 രൂപ

Printed at : Ayodhya - 2408797

digitized by www.haindavam.org